Vote for UDF

## സമഗ്ര ടൂറിസം

- ചരിത്രപ്രസിദ്ധമായ ലോകനാർകാവ് ക്ഷേത്രം തീർത്ഥാടന ടൂറിസം പദ്ധതി കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും.
- ചൊവ്വ പുഴ, തുരുത്തി, പാലയാട് ഇക്കോ ടൂറിസം പദ്ധതി മുൻഗണനാ ക്രമത്തിൽ പൂർത്തിയാക്കും. പ്രകൃതിഭംഗി നിലനിർത്തിക്കൊണ്ട് ബോട്ടിംഗ്, റിവർ വാക്ക് തുടങ്ങിയ സൗകര്യങ്ങൾ ഇവിടെ നടപ്പിലാക്കും.
- വിവിധ പഞ്ചായത്തുകളിൽ റിസോഴ്സ് മാപ്പിംഗ് നടത്തി പ്രാദേശിക വിഭവങ്ങളെയും കലകളെയും ടൂറിസവുമായി ബന്ധിപ്പിക്കും.
- കോഴിക്കോട് ജില്ലയിലെ മറ്റ് ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി (കുറ്റ്യാടി ചുരം, ജാനകിക്കാട്, പെരുവണ്ണാമൂഴി, കക്കയം) 'ടൂറിസം കോറിഡോർ' യാഥാർത്ഥ്യമാക്കും.
- കുറ്റ്യാടി പുഴ തീരം കേന്ദ്രീകരിച്ച് റിവർ റോഡിനെയും വലിയ പാലത്തിനെയും ബന്ധിപ്പിച്ച് പഴശ്ശി പൈതൃക തെരുവ് സ്ഥാപിക്കും
- മാഹി കനാൽ തീരം ടൂറിസം ഹബ്ബാക്കി മാറ്റും.



## ഇന്ദിര ഗ്യാരന്റി

## UDF ഗവണ്മെന്റ് അധികാരത്തിൽ വന്നാൽ

- സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ **സൗജന്യ യാത്ര.**
- ക്ഷേമ പെൻഷനുകൾ **₹3,000** ആയി വർദ്ധിപ്പിക്കും.
- എല്ലാ കുടുംബങ്ങൾക്കും **₹25,00,000** രൂപ വരെയുള്ള സൗജന്യ 'ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ്'.
- മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി **പ്രത്യേക വകുപ്പ്.**
- കോളേജ് വിദ്യാർത്ഥിനികൾക്ക് **₹1,000** രൂപ പ്രതിമാസ ധനസഹായം.



കുറ്റ്യാടി നിയോജക മണ്ഡലം UDF സ്ഥാനാർത്ഥി

# പാറക്കൽ അബ്ദുല്ല

'കോണി' അടയാളത്തിൽ വോട്ട് രേഖപ്പെടുത്തി വിജയിപ്പിക്കുക...

Parakkal Abdulla is a candidate in the 2026 MLA election from the Kuttiady constituency in Kozhikode district, Kerala. He is known as a dedicated political leader and social worker who has been actively involved in public service for many years. Many people appreciate his close connection with the community and his efforts to understand the problems faced by ordinary citizens. Kuttiady is a region with strong political awareness, and the voters always look for leaders who can bring development and progress. Through his campaign, Parakkal Abdulla focuses on improving infrastructure, supporting farmers, creating opportunities for youth, and strengthening education and healthcare. His participation in the election has created enthusiasm among supporters and party workers. The 2026 MLA election in Kuttiady is an important moment for the people to choose a leader who can represent their needs and work for the future development of the constituency.

Vote for UDF



VISION DOCUMENT 2026-31

# നാളെയുടെ കുറ്റ്യാടി

കുറ്റ്യാടിയുടെ ആഗ്രാഹാഭിലാഷങ്ങൾ, ആവശ്യങ്ങൾ അനുദിനം മാറുകയാണ്. കാലത്തിനനുസരിച്ച് നമ്മുടെ പ്രതീക്ഷകളും സ്വപ്നങ്ങളും പുതുക്കപെടുകയാണ്. കുറ്റ്യാടിയിലെ ജനങ്ങളിൽ നിന്ന് നേരിട്ട് സ്വീകരിച്ച അഭിപ്രായങ്ങളിൽ നിന്ന് രൂപപ്പെടുത്തിയ മാനിഫെസ്റ്റോയാണ് നിങ്ങൾക്ക് മുൻപാകെ വെക്കുന്നത്. വിദഗ്ധരോട് സംസാരിക്കുകയും അവരെ കേൾക്കുകയും ചെയ്തിരുന്നു. ഇതൊരു അന്തിമ രേഖയല്ല, മറിച്ച് മാറുന്ന കാലത്തിനനുസരിച്ച് പുതുക്കപ്പെടേണ്ട നമ്മുടെ കുറ്റ്യാടിയുടെ സ്വപ്നങ്ങളാണ്

## കൃഷി

കർഷകർക്ക് സ്ഥിര വരുമാനം ഉറപ്പാക്കാൻ ജലസേചനവും ആധുനിക കൃഷിരീതികളും വിപണന സംവിധാനങ്ങളും ശക്തിപ്പെടുത്തും. കുറ്റ്യാടി തേങ്ങയെ ദേശീയ, അന്തർദേശീയ വിപണിയിലെത്തിക്കാൻ ശ്രമം നടത്തും.

## ആരോഗ്യ മേഖല

എല്ലാവർക്കും ആശ്രയിക്കാവുന്നതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പാക്കി ആശുപത്രികളുടെ സൗകര്യങ്ങളും സേവന നിലവാരവും ഉയർത്തും. ഓട്ടോ-ടാക്സി ഡ്രൈവർമാർക്ക് സൗജന്യ മരുന്നുകൾ

## വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയുള്ള പഠനവും തൊഴിലധിഷ്ഠിതമായ പരിശീലനവും ഉറപ്പാക്കും.

## തൊഴിൽ

സ്കിൽ ഡെവലപ്മെന്റും ചെറുകിട വ്യവസായങ്ങളും വഴി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും.

## കായികം

യുവജനങ്ങൾക്ക് മികച്ച പരിശീലനവും സൗകര്യങ്ങളും ഒരുക്കി കായിക പ്രതിഭകളെ വളർത്തും.

## അടിസ്ഥാന സൗകര്യം

റോഡ്, കുടിവെള്ളം, വൈദ്യുതി, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവ മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തും.

## ടൂറിസം

പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ച് സുസ്ഥിര ടൂറിസം വികസിപ്പിച്ച് വിനോദ സഞ്ചാരികളെ ആകർഷിപ്പിക്കും

ഒരു ദിനവും പാഴാക്കില്ല
ഒരു വോട്ടും പാഴാക്കരുത്

## 1800 ദിന കർമ്മപദ്ധതികൾ

| FIVE YEARS | SIXTY Months | 1800 Days |
|---|---|---|
| 05 YEARS | 60 MONTHS | 1800 DAY |

Vote for UDF

Parakkal Abdulla is a candidate in the 2026 MLA election from the Kuttiady constituency in Kozhikode district, Kerala. He is known as a dedicated political leader and social worker who has been actively involved in public service for many years. Many people appreciate his close connection with the community and his efforts to understand the problems faced by ordinary citizens. Kuttiady is a region with strong political awareness, and the voters always look for leaders who can bring development and progress. Through his campaign, Parakkal Abdulla focuses on improving infrastructure, supporting farmers, creating opportunities for youth, and strengthening education and healthcare. His participation in the election has created enthusiasm among supporters and party workers. The 2026 MLA election in Kuttiady is an important moment for the people to choose a leader who can represent their needs and work for the future development of the constituency.



## കാർഷിക മേഖല

- കേരളത്തിൽ ഏറെ പ്രശസ്തമായ കുറ്റ്യാടി തേങ്ങക്ക് ഭൗമ സൂചിക അംഗീകാരം (ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ-ജിഐ ടാഗ്) ലഭിക്കാനുള്ള ശ്രമങ്ങൾക്ക് പിന്തുണ നൽകും
- മണിമല നാളികേര പാർക്ക് യാഥാർത്ഥ്യമാക്കും. കാർഷിക ഗവേഷക കേന്ദ്രമായി പാർക്കിനെ ഉയർത്തും
- കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനും അത് മാർക്കറ്റ് ചെയ്യാനുമുള്ള സൗകര്യമൊരുക്കും.
- തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും.
- കൃഷി ശാസ്ത്രീയമാക്കാൻ അഗ്രി ക്ലിനിക്കുകളുടെ സൗകര്യം ലഭ്യമാക്കും
- ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി വ്യാപിപ്പിക്കും.
- നവീന കൃഷി രീതികൾ വ്യാപിപ്പിക്കാനാവശ്യമായ നിക്ഷേപ പദ്ധതികൾ ആരംഭിക്കും
- അരൂർ ഒളോർ മാങ്ങയെ ആഗോള ബ്രാന്റാക്കി മാറ്റി ലോകവിപണിയുമായി ബന്ധിപ്പിക്കും
- കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യജീവി ശല്യം തടയാൻ വനംവകുപ്പുമായി ചേർന്ന് കർമ്മസേന രൂപീകരിക്കും
- ക്ഷീരമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാൻ പ്രത്യേക പാക്കേജ്. പാലിൽ നിന്ന് വൈവിധ്യമാർന്ന മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.
- പുതുതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കാൻ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നവീന കൃഷി രീതികൾ പരിചയപ്പെടുത്തുകയും ബോധവത്കരണം നടത്തുകയും ചെയ്യും.

## ആരോഗ്യം



- ഏഴോളം പഞ്ചായത്തുകളിലെ ആളുകൾ ആശ്രയിക്കുന്ന കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കും. വിവിധ വിഭാഗങ്ങളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തും
- ജീവിതശൈലീ രോഗങ്ങൾക്കെതിരെ ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കും.
- മാനസികാരോഗ്യം ഉറപ്പാക്കാൻ ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് സൗകര്യങ്ങൾ ലഭ്യമാക്കും.
- മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസത്തിനും ആരോഗ്യ പരിശോധനകൾക്കുമായി പഞ്ചായത്തിൽ മികവുറ്റ കേന്ദ്രങ്ങൾ
- ലഹരിക്ക് അടിമപ്പെട്ടവരെ മോചിപ്പിക്കാൻ പഞ്ചായത് തലത്തിൽ 'ഡീ-അഡിക്ഷൻ സെന്റർ'
- കുറ്റ്യാടിയെ ഭിന്നശേഷി സൗഹൃദ മണ്ഡലമാക്കി മാറ്റും
- ഡയാലിസിസ് സെന്ററിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തും

ആർദ്രം 2

ദീർഘകാല പരിചരണം ആവശ്യമുള്ള മണ്ഡലത്തിലെ ഓട്ടോ-ടാക്സി ഡ്രൈവർമാരെയും കുടുംബാംഗങ്ങളെയും 'ആർദ്രം 2.0' പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ മരുന്നുകൾ വിതരണം ചെയ്യും



## വിദ്യാഭ്യാസം

- പത്താം ക്ലാസ്സ്, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയവർക്ക് എല്ലാ അധ്യയന വർഷവും എംഎൽഎ എക്സലൻസി അവാർഡ്.
- വിദ്യാർത്ഥികൾക്ക് അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് സഹായിക്കുന്നതിനായി മെന്റർഷിപ്പ് കുറ്റ്യാടി പദ്ധതി നടപ്പാക്കും.
- അംഗണവാടികൾക്ക് എംഎൽഎയുടെ പ്രത്യേക പാക്കേജ്.
- ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് അക്കാദമിക് കോൺക്ലേവ്
- ഉന്നതകലാലയങ്ങളുമായും വിദ്യാഭ്യാസ പ്രവർത്തകരുമായും സഹകരിച്ച് എഡ്യു എക്സ്പോ.
- ജോബ് മാർക്കറ്റിന് ആവശ്യമായ സ്കിൽ, അഭിരുചി തുടങ്ങിയവ നൽകുന്നതിന് ഫിനിഷിംഗ് സ്കൂൾ
- ഐടി അനുബന്ധ, എഐ അധിഷ്ഠിത നൈപുണി വികസന പരിപാടികൾക്ക് മുൻഗണന നൽകും.

Parakkal Abdulla is a candidate in the 2026 MLA election from the Kuttiady constituency in Kozhikode district, Kerala. He is known as a dedicated political leader and social worker who has been actively involved in public service for many years. Many people appreciate his close connection with the community and his efforts to understand the problems faced by ordinary citizens. Kuttiady is a region with strong political awareness, and the voters always look for leaders who can bring development and progress. Through his campaign, Parakkal Abdulla focuses on improving infrastructure, supporting farmers, creating opportunities for youth, and strengthening education and healthcare. His participation in the election has created enthusiasm among supporters and party workers. The 2026 MLA election in Kuttiady is an important moment for the people to choose a leader who can represent their needs and work for the future development of the constituency.

Vote for UDF

## തൊഴിൽ

- മണ്ഡലത്തിൽ സ്കിൽ പാർക്ക് സ്ഥാപിക്കും. വിദ്യാഭ്യാസ മേഖലയിൽ നവീന ആശയങ്ങളിലധിഷ്ഠിതമായ സംരഭകത്വം പ്രോത്സാഹിപ്പിക്കും.
- ഇന്ത്യക്കകത്തും പുറത്തുമുള്ള തൊഴിൽ കണ്ടെത്തുന്നതിന് ജോബ് ഫെയറുകൾ
- സ്ത്രീകൾക്കും വീട്ടമ്മമാർക്കും സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ബേക്കിംഗ്, എംബ്രോയ്ഡറി, ഫാഷൻ ഡിസൈനിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പ്രൊഫഷണൽ ട്രെയിനിംഗ് നൽകും.
- പ്രവാസികളുടെ നിക്ഷേപങ്ങൾ ഉപയോഗിച്ച് മണ്ഡലത്തിൽ തുടങ്ങാവുന്ന ചെറുകിട വ്യവസായങ്ങൾ, ടൂറിസം പദ്ധതികൾ എന്നിവ ഏകോപിപ്പിക്കാൻ ഒരു കൗൺസിൽ രൂപീകരിക്കും
- നൂതന ബിസിനസ് ആശയങ്ങളെ മികച്ച സംരഭകങ്ങളാക്കി മാറ്റാൻ ആവശ്യമായ സ്റ്റാർട്ടപ്പ് മെന്ററിംഗ്, ഫിനാൻഷ്യൽ ഗൈഡൻസ് എന്നിവ ലഭ്യമാക്കും.



## കുതിക്കുന്ന കായികം

- ക്രിക്കറ്റ്, വോളിബോൾ, ഫുട്ബോൾ, അത്‌ലറ്റിക്സ്,ബാഡ്മിന്റൺ എന്നീ മേഖലകളിൽ അന്താരാഷ്ട്ര നിലവാരമുള്ള താരങ്ങളെ വാർത്തെടുക്കാൻ ശാസ്ത്രീയമായ പരിശീലന പദ്ധതികൾ ആവിഷ്കരിക്കും.
- ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങൾ ഉറപ്പാക്കും. സ്റ്റേഡിയങ്ങൾ, മിനി സ്റ്റേഡിയങ്ങൾ എന്നിവ പരിശോധിച്ച് ടർഫ്, ഗാലറി സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി നവീകരിക്കും.
- നീന്തൽക്കുളങ്ങൾ സ്ഥാപിക്കും. ശാസ്ത്രീയമായ രീതിയിൽ നീന്തൽ പഠിപ്പിക്കാൻ പ്രൊഫഷണൽ ട്രെയിനർമാരെ നിയമിക്കും.പൊതുജനങ്ങൾക്കിടയിൽ വ്യായാമശീലം വർദ്ധിപ്പിക്കുന്നതിനായി ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കും.
- യുവജനങ്ങൾക്കായി മണ്ഡലത്തിൽ കോച്ച് നമ്പ്യാർ സ്മാരക'സ്പോർട്സ് അക്കാദമി സ്ഥാപിക്കും.



## അടിസ്ഥാന സൗകര്യം

- പാതിവഴിൽ നിലച്ചു പോയ പെരിഞ്ചേരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പവൃത്തി പൂർത്തിയാക്കും. ഇതിലൂടെ ഭൂഗർഭജല ലഭ്യത വർദ്ധിപ്പിക്കുകയും ഉപ്പുവെള്ളം കയറുന്നത് തടയുകയും ചെയ്യും.
- കുറ്റ്യാടി പുഴ, ചൊവ്വ പുഴ എന്നിവയെ മാലിന്യമുക്തമാക്കി ശുദ്ധീകരിക്കും. പുഴയോരങ്ങൾ പരിസ്ഥിതി സൗഹൃദ രീതിയിൽ സംരക്ഷിക്കുകയും സൗന്ദര്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും.
- പ്രധാനപ്പെട്ട ടൗണുകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ (Modern Waste Management Units) ഏർപ്പെടുത്തും.
- മലയോര മേഖലയുടെ ആസ്ഥാനമായ കുറ്റ്യാടിയിൽ പ്രകൃതി ക്ഷോഭങ്ങൾ മുന്നിൽ കണ്ട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കും.
- പ്രധാനപ്പെട്ട റോഡുകൾ നവീകരിച് സ്മാർട്ട് റോഡുകളാക്കി ഉയർത്തും. ഗ്രാമീണ റോഡുകൾ ആധുനിക രീതിയിൽ സഞ്ചാര യോഗ്യമാക്കും
- മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണും.

